വരുന്നതുവരെ ബീച്ചിന്റെ വശങ്ങളിൽ വികസന നിരോധിത മേഖല 200 മീറ്ററിൽ നിന്നും 50 മീറ്റർ ആയും ഉൾനാടൻ ജലാശയങ്ങളുടെ വശങ്ങളിൽ വികസന നിരോധിത മേഖല 100 മീറ്ററിൽ നിന്നും 25 മീറ്റർ ആയും കുറയ്ക്കണമെന്ന് കേന്ദ്ര സംഘത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്

22 (3211) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് സംബന്ധമായ വ്യക്തിഗത അക്കൗണ്ട് ബുക്ക് അതത് ഓഫീസുകളിൽത്തന്നെ സൂക്ഷിക്കാതിരിക്കുന്നതുമൂലം ജീവനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1935-ലെ സി. ആന്റ് എ. ജി. ആക്ട് 1976-ൽ ഭേദഗതി വരുത്തി സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടുകൾ എ.ജിയിൽ നിന്നു മാറ്റി സംസ്ഥാന സർക്കാരിന്റെ കീഴിലാക്കുന്നതിലേക്ക് വ്യവസ്ഥയുണ്ടായിട്ടും എന്തുകൊണ്ടാണ് സംസ്ഥാന സർക്കാർ അക്കൗണ്ടുകൾ എ. ജി. യുടെ ചുമതലയിൽതന്നെ തുടരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടുകൾ സംസ്ഥാന സർക്കാർ തന്നെ സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാന സർക്കാർ സർവീസിലെ ജീവനക്കാരുടെ ശമ്പളം, പി. എഫ്. തുടങ്ങിയവ സംബന്ധിച്ചുള്ള കണക്കുകൾ അതാത് വകുപ്പുകളിൽ തന്നെ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച ചില നിർദ്ദേശങ്ങൾ ഭരണ പരിഷ്ക്കാര കമ്മിറ്റി നല്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ചുമതലയിൽപ്പെട്ട വകുപ്പുകൾ ചെലവാക്കിയ തുക

23 (3212) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ചുമതലയിൻ കീഴിൽ വരുന്ന ഓരോ വകുപ്പും 1999-2000 വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്ന തുകയിൽ എന്തു തുക 1999 ഡിസംബർ 31 വരെ ചെലവഴിച്ചു എന്നും എന്തു തുക മിച്ചം വരുത്തി എന്നും വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം തുക മിച്ചം വരുവാനുള്ള കാരണം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1999-2000-ലെ വകുപ്പുതിരിച്ചുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടില്ല.

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

പെൻഷൻ കർത്തവ്യങ്ങൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലാക്കുന്നത് സംബന്ധിച്ച്

24 (3213) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നത് സംസ്ഥാന സർക്കാരാണോ അതോ അക്കൗണ്ടന്റ് ജനറലാണോ ;

(ബി) പെൻഷൻ സംബന്ധിച്ച അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് ആരാണ് ;

(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച കർത്തവ്യങ്ങൾ എ.ജി.യിൽ നിന്നും മാറ്റി സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടോ ;

(ഡി) രാജസ്ഥാൻ, ആന്ധ്രാപ്രദേശ് തുടങ്ങിയ സർക്കാരുകൾ സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ സംബന്ധമായ ജോലികൾ ഏറ്റെടുത്ത് നടത്തുന്നതിനെപ്പറ്റി പഠിക്കാൻ കേരള സർക്കാരിന്റെ ഉദ്യോഗസ്ഥർ പ്രസ്തുത സംസ്ഥാനങ്ങൾ സന്ദർശിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ. പ്രസ്തുത ഉദ്യോഗസ്ഥർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(എഫ്) പെൻഷൻ സംബന്ധിച്ച കർത്തവ്യങ്ങൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) സർക്കാരിന്റെ മുഖ്യ അക്കൗണ്ടന്റ് ആഫീസറായ അക്കൗണ്ടന്റ് ജനറൽ.

(സി) ഇല്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly